Works pending execution.

247. മിസ്റ്റർ കെ. എം. ഇബ്രാഹിം.—കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു പല അവസരങ്ങളിലായി ഗവൺമെണ്ടു് ഉടനെ ചെയ്യിക്കുമെന്നു് ഏറ്റു പറഞ്ഞ ഏതെല്ലാം പണികൾ ഇപ്പോഴും ചെയ്യാതെ ബാക്കിയുണ്ടു്; അവ എപ്പോഴേയ്ക്കു് ചെയ്തീർക്കും?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—പണികളുടെ വിവരം കാണിച്ചു് ഒരു ലിസ്റ്റു തന്നാൽ മാത്രമെ ശരിയായ മറുപടി പറയുവാൻ സൗകര്യപ്പെടുകയുള്ളു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗവൺമെണ്ടു് ഏറ്റു പറഞ്ഞ ഇനങ്ങളുടെ ലീസ്റ്റു തരേണ്ടതു ഞാനാണോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഇതിൽ ചോദിച്ചിട്ടുള്ളതു് കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു് പലേ അവസരങ്ങളിലായി ഗവൺമെണ്ടു് ഉടനെ ചെയ്യിക്കുമെന്നു ഏറ്റു പറഞ്ഞ ഏതെല്ലാം പണികൾ ഇപ്പോഴും ചെയ്യാതെ ബാക്കിയുണ്ടു്. എന്നാണു് അതിന്റെ ശരിയായ ഒരു ലിസ്റ്റു തയ്യാറാക്കണമെന്നുണ്ടെങ്കിൽ അധികം പ്രയാസമായിരിക്കും എന്നുള്ളതു കൊണ്ടാണു് ആ പണികളുടെ ഒരു ലിസ്റ്റു വേണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതു. അനേകം ഫയലുകൾ പരിശോധിച്ചിട്ടു വേണം ഇതിനു് ഒരു ലിസ്റ്റുണ്ടാക്കുവാൻ. ഇതൊക്കെ പറയുവാനെളുപ്പമുണ്ടു്. ഈ രണ്ടു കൊല്ലത്തിനിടയ്ക്കുള്ള ഫയലുകൾ നോക്കി ബാക്കിയുള്ള പണികൾ ഏതെല്ലാമാണെന്നു് ലീസ്റ്റുണ്ടാക്കുവാൻ പ്രയാസമാണു്.

മിസ്റ്റർ ജാർജ്ജ് ചാക്കാമറി.—ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് ഗവൺമെണ്ടു് ഉടനെ ചെയ്യിക്കുമെന്നു് ഏറ്റു പറഞ്ഞ പണികളെ കുറിച്ചാണു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഇതയാണെന്നു് എണ്ണം തിട്ടപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—നോക്കി പറയുവാൻ വിരോധമുണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഏതെല്ലാം ഫയൽസ് ആണെന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതു കണ്ടുപിടിക്കുവാനാണെല്ലോ നിങ്ങൾക്കു് രമ്പളവും തന്നു് ഇരുത്തിയിരിക്കുന്നതു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഞങ്ങൾക്കു് വേറെയും പല ജോലികളുണ്ടു്

Roads maintained by the Government not thrown open to all castes and communities.

248. Mr. K. T. Mathew.—Will the Government be pleased to mention the roads maintained by the Government but not thrown for the use of all castes and communities?

LIBRARY ARCHIVES Kerala Legislative Assembly

Mr. M. D. Narayana Ayyar.—No roads which are not thrown open to all castes and communities are maintained by the Government from public funds.

Mr. K. T. Mathew.—May I know whether the roads within the fort at Trippunittura have been thrown open to all and by whom they are maintained, by the P. W. D. or some other Department ?

Mr. M. D. Narayana Ayyar.—Their maintenance is now attended to by the P. W. D. but the expenditure is debited to Devaswams.

Mr. K. T. Mathew.—From which date ?

Mr. M. D. Narayana Ayyar.—November 1930 or 1931.

Overlooking of claims for appointments in the Public Works Department.

249. Mr. K. M. Ibrahim.—Will the Government be pleased to state whether they have overlooked the claims of any in appointments under the Public Works Department (both Executive and Ministerial);

(b) if they have, why?

Mr. M. D. Narayana Ayyar.—No.

(b) The question does not arise in view of the reply to the above.

Monthly expenditure for the establishment of the department of the Protector of the Depressed Classes.

250. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ട്മെണ്ടിലുള്ള സകല ഉദ്യോഗസ്ഥന്മാർക്കും കൂടി ശമ്പളം, അലവൻസ്, ട്രാവലിംഗ് അലവൻസ് എന്നീ വകക്കു മാസത്തിൽ എത്രമാത്രം വരുന്നുണ്ടു?

രാമവർമ്മതമ്പുരാൻ.—മാസത്തിൽ ഒ വ്യ ക. യോളം വരുന്നുണ്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ വല്ല തുകയും അധികതുക കിട്ടുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇതു ഡിപ്പാർട്ട്മെണ്ടിലേക്കുള്ള ചിലവിൽപെട്ടതാണു, ഡിപ്പാർട്ട്മെണ്ടിൽ അധികതുണ്ടെങ്കിൽ അവക്കും കിട്ടുന്നുണ്ടായിരിക്കും.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഈ ഒ വ്യ ക. യിൽ വല്ലതും കിട്ടുന്ന അധികതുണ്ടോ എന്നാണു ചോദ്യം.

രാമവർമ്മതമ്പുരാൻ.—അധികതുണ്ടു.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഇതിൽ ഏകദേശം ഏതു സംഖ്യ ഓരോരുത്തർക്കു കിട്ടുന്നുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly